പാലങ്ങൾ

*682. [18] ഡാക്ടർ. പി. കെ. സുകുമാരൻ: തഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് എത്ര പാലങ്ങൾ പുതുതായി പണിയുവാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; പുതുതായി പാലം പണിയുന്ന സ്ഥലനിർണ്ണയം നടത്തുന്നതു് എന്ന് മാനദണ്ഡത്തിന്മേലാണെന്നു പറയുമോ;

(ബി) കൊല്ലം ഡിവിഷനിൽ എത്ര പാലം പുതുതായി പണിയുവാൻ ഗവണ്മെൻറ് ആലോചിക്കുന്നു;

(സി) കയർ വ്യവസായകേന്ദ്രമായ പെരിനാടും കൊല്ലം നഗരവുമായി ബന്ധിക്കുന്ന "കോട്ടയത്തു കടവുപാലം" കഴിയുന്നതും വേഗം പണിയണമെന്നു് ഗവണ്മെൻറിനു് നിവേദനം ലഭിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പ് മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) രണ്ടാം പഞ്ചവത്സരപദ്ധതി പ്രകാരം 32 പുതിയ പാലങ്ങൾ പണിയുവാനാണ് ഉദ്ദേശിക്കുന്നതു്. പ്രധാനപ്പെട്ട സ്റ്റേറ്റ് റോഡുകളിലെ കേടുവന്ന പഴയ പാലങ്ങൾ പുതുക്കി പണിയുക, ഇപ്പോൾ ചങ്ങാടം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രധാന കടത്തുകളിൽ പുതിയ പാലങ്ങൾ പണിയുക എന്നീ മാനദണ്ഡങ്ങൾ വെച്ചുകൊണ്ടാണ് സ്ഥലം നിർണ്ണയം ചെയ്തിട്ടുള്ളതു്.

(ബി) 14 പാലങ്ങൾ.

(സി) ഈ പാലവും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

ഡാക്ടർ പി. കെ. സുകുമാരൻ: കോട്ടയത്തുകടവു പാലം പണി എന്നത്തേക്കു തുടങ്ങും എന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതു് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണു്. അതുകൊണ്ടു് അടുത്തകാലത്തുതന്നെ തുടങ്ങും.

ശ്രീ. ടി. ഒ. ബാവ: ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്ന പാലങ്ങളുടെ പണി എതെങ്കിലും ഇനിയുംതിരാനുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: നോട്ടീസ് വേണം.

ശ്രീ. ടി. കെ. ദിവാകരൻ: കോട്ടയത്തുകടവു പാലം പണിയുന്നതിൻറെ ലൊക്കേഷൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: നിശ്ചയിച്ചിട്ടുണ്ടു് എന്നാണു തോന്നുന്നതു്.

ശ്രീ കെ. പി. ഹോർമിസ്: ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഡ്രാഫ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന പാലങ്ങളിൽ ഏതെങ്കിലും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉപേക്ഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഉള്ളതായി അറിഞ്ഞു കൂടാ.

ആശുപത്രി റഷ്നലൈസേഷൻ കമ്മിറ്റി.

*683. (19) ഡാക്ടർ പി. കെ. സുകുമാരൻ : ദയവായി കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആശുപത്രികൾ സ്ഥാപിക്കുന്നതിനെപ്പറ്റി അന്വേഷിക്കാൻ നിയമിതമായ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചുകഴിഞ്ഞുവോ ;

(ബി) ഈ റിപ്പോർട്ട് എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) കൂടൽ ആൾപ്പാർപ്പും, പൊതുജനാരോഗ്യപ്രദമല്ലാത്ത പരിസരങ്ങളും നിറഞ്ഞതുമായ പെരിനാട്ട് എത്ര ആശുപത്രികൾക്കു വേണ്ടി നാട്ടുകാരിൽ നിന്നു ഗവൺമെൻറിനു നിവേദനം ലഭിച്ചിട്ടുണ്ട് ;

(ഡി) പെരുമൺ എന്ന സ്ഥലത്തു ഒരു ആശുപത്രിക്കാവശ്യമായ സ്ഥലവും കെട്ടിടസൗധനങ്ങളും നാട്ടുകാർ സജ്ജമാക്കിയിട്ടുള്ളതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതു കഴിയുന്നതുംവേഗം ഒരാശുപത്രിയാക്കി നാട്ടുകാർക്കു പ്രയോജനകരമാക്കി തീർക്കാനുള്ള പ്രായോഗിക നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പ് മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) കമ്മിറ്റിയുടെ ശുപാർശകളെക്കുറിച്ചു ഗവൺമെൻറ് അവസാന തീരുമാനമെടുത്തശേഷം വെളിപ്പെടുത്തുന്നതാണ്.

(സി) ഒരു ആശുപത്രി സ്ഥാപിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) ആശുപത്രിക്കു വേണ്ട കെട്ടിടങ്ങൾ എല്ലാം തയ്യാറായിട്ടില്ല എന്നാണറിയുന്നതു്.

(ഇ) കെട്ടിടങ്ങളും സൗധനങ്ങളും ഗവൺമെൻറിനെ ഏല്പിച്ചു കഴിഞ്ഞാൽ ആശുപത്രി തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം മാസി : ഈ റിപ്പോർട്ട് സമർപ്പിച്ചതു് എന്നാണ് ?

ശ്രീ. എ. എ. റഹിം : ഏകദേശം ഒരു മാസം ആയി.

ശ്രീ. പ്രാക്കുളം മാസി : ഈ കമ്മിറ്റിയുടെ ശുപാർശയിന്മേലാണോ ആശുപത്രികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. എ. എ. റഹിം : കമ്മിറ്റിയുടെ ശുപാർശയും നോക്കും.

ശ്രീ. പ്രാക്കുളം മാസി : ആശുപത്രികൾ സ്ഥാപിക്കുന്നതിനു് ഈ സ്ഥലത്തെ ആളുകൾ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സ്ഥലവും സൗധനങ്ങളും എത്തിച്ചുകൊടുക്കണമെന്ന നിർദ്ദേശം ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly